പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3068      13.03.2018-ലെ മറുപടിക്ക്

## ഡ്രൈവർ,കണ്ടക്ടർ തസ്തികളിലെ ജീവനക്കാരുടെ സ്ഥലം മാറ്റം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.ഉമ്മർ<br>" വി.കെ. ഇബ്രാഹിം കുഞ്ഞ് | ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി യിൽ ഡ്രൈവർ,കണ്ടക്ടർ തസ്തികകളിൽ ജോലിചെയ്യുന്നവരെ സ്ഥലം മാറ്റുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; | (എ) | കെ.എസ്.ആർ.ടി.സി.യിൽ സർക്കാരിന്റെ അംഗീകാരത്തോടെ മാനേജ്മെന്റും അംഗീകൃത തൊഴിലാളി സംഘടനകളും ചേർന്ന് അംഗീകരിച്ച സേവനവേതന കരാറിലെ വ്യവസ്ഥകൾ പ്രകാരമാണ് ഡ്രൈവർ, കണ്ടക്ടമാരടക്കം എല്ലാ തസ്തികയിലും ജോലി ചെയ്യുന്നവരെ സ്ഥലംമാറ്റുന്നത്. |
| (ബി) | പണിമുടക്കുന്ന തൊഴിലാളികളെ സ്ഥലംമാറ്റിയത് പ്രസ്തുത മാനദണ്ഡങ്ങൾ പാലിച്ചാണോ; വ്യക്തമാക്കുമോ; | (ബി) | ഭരണപരമായ സൗകര്യാർത്ഥം ജീവനക്കാരെ സ്ഥലംമാറ്റുവാനുള്ള അധികാരം മാനേജ്മെന്റിൽ നിക്ഷിപ്തമാണ്. ആയതിനാൽ മറ്റ് മാനദണ്ഡങ്ങൾ ബാധകമല്ല. |
| (സി) | മുന്നൂറ്റി അറുപത്തി ആറ് പേരെ സ്ഥലം മാറ്റിയതിൽ പണിമുടക്കിൽ പങ്കെടുക്കാത്ത എത്ര ജീവനക്കാർ ഉണ്ടെന്ന് ഡിപ്പോ തിരിച്ച് കണക്ക് ലഭ്യമാക്കുമോ? | (സി) | സ്ഥലംമാറ്റ ഉത്തരവ് നം. PL11/0011214/17 പ്രകാരം, പണിമുടക്കിൽ പങ്കെടുത്ത ജീവനക്കാരെയാണ് സ്ഥലം മാറ്റിയിട്ടുള്ളത്. പണിമുടക്കിൽ പങ്കെടുക്കാത്ത ജീവനക്കാരെ സ്ഥലം മാറ്റിയിട്ടില്ല. |

**സെക്ഷൻ ഓഫീസർ**